**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3315** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുതുതായി നല്കിയിട്ടുള്ള പട്ടയങ്ങളുടെ വിനിയോഗ വ്യവസ്ഥകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപതിവ് ചട്ടങ്ങൾ പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ രണ്ടായിരത്തിന് ശേഷം ഇതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | ആവശ്യമുള്ള ജില്ലകളിൽ വിവിധ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രണ്ടായിരത്തിനു ശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. മഴക്കെടുതിയും ഉരുൾപൊട്ടലും മൂലം കോട്ടയം ജില്ലയിലെ ബന്ധപ്പെട്ട ജീവനക്കാർ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ, ടി ജില്ലയിലെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ശേഖരിച്ച് നൽകുന്നതാണ്. ക്രമ നം ജില്ല വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം. 1. തിരുവനന്തപുരം 10674 (2011 മുതൽ ഉള്ള കണക്ക്, 2000 മുതൽ 2011 വരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.) 2. കൊല്ലം 8126 3. പത്തനംതിട്ട 3766 4. കോട്ടയം - 5. ഇടുക്കി 74536 6. എറണാകുളം 8395 |
| (ബി) | മേൽപ്രകാരം നൽകിയവ ഉപാധി രഹിത പട്ടയങ്ങൾ ആണോ വ്യവസ്ഥകളുള്ള പട്ടയങ്ങൾ ആണോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 1960 ലെ ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾ പ്രകാരം ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകളോടെയാണ് പട്ടയങ്ങൾ വിതരണം ചെയ്തത്. |
| (സി) | ഉപാധി രഹിത പട്ടയം നൽകുമ്പോൾ നിശ്ചിത വ്യവസ്ഥകൾ രേഖപ്പെടുത്തിയാണോ പട്ടയം നൽകുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഭൂമി പതിവ് ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ രേഖപ്പെടുത്തിയാണ് പട്ടയങ്ങൾ അനുവദിക്കുന്നത്. |
| (ഡി) | ഉപാധി രഹിത പട്ടയഭൂമിയിൽ ഗാർഹികേതര ആവശ്യങ്ങൾക്കായി കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്താമോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനാണ് അനുമതിയുള്ളതെന്ന് അറിയിക്കാമോ; | (ഡി) | 1964 ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഭൂമി പതിച്ച് നൽകുന്നത് വ്യക്തിഗത കൃഷി, താമസിക്കുന്നതിനായി വീട് നിർമാണം, സമീപങ്ങളായ രജിസ്റ്റേഡ് ഭൂമികളിലേക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായിട്ടാണ്. 1993 ലെ പ്രത്യേക ഭൂമിപതിവ് ചട്ടങ്ങൾ) 01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) ചട്ടം (3) പ്രകാരം |

| | | | |
|---|---|---|---|
| | | | കൃഷിക്കും, വാസഗൃഹങ്ങൾക്കും, കടമുറികൾ വയ്ക്കുന്നതിനുമായി പട്ടയഭൂമിയുടെ വിനിയോഗം നിജപ്പെടുത്തിയിരിക്കുന്നു. കാർഷികാവശ്യത്തിന് അനുവദിക്കുന്ന പട്ടയഭൂമിയിൽ കെട്ടിട നിർമാണം അനുവദനീയമല്ല. |
| (ഇ) | ഉപാധിരഹിത പട്ടയ, വ്യവസ്ഥകളുള്ള പട്ടയഭൂമികളിൽ ഗാർഹികേതര ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഏത് നിയമങ്ങളുടെ, ചട്ടങ്ങളുടെ, ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആണ് നിരോധനം എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം നൽകാമോ? | (ഇ) | ഉപാധിരഹിത പട്ടയം എന്നത് പട്ടയം കൈമാറ്റം ചെയ്യുന്നതിന്റെ കാലാവധി സംബന്ധിച്ച് മാത്രമാണെന്നു കാണുന്നു. റിസോർട്ട് നിർമാണത്തിന് നിരോധന ഉത്തരവ് നൽകിയതിനതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 32143/2016, 32145/2016 എന്നീ കേസുകളിൽ 14.11.2016 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ, കാർഷികാവശ്യത്തിന് പതിച്ചു നൽകപ്പെട്ട ഭൂമിയിൽ വാണിജ്യപരമായ കെട്ടിട നിർമാണം അനുവദനീയമല്ല എന്ന് ഉത്തരവുള്ളതാണ്. 1964 ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ ചട്ടം (4) പ്രകാരം ഭൂമി പതിച്ചു നൽകുന്നത് വ്യക്തിഗത കൃഷി, താമസിക്കുന്നതിനായി വീട് നിർമാണം, സമീപങ്ങളായ രജിസ്റ്റേഡ് ഭൂമികളിലേക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായിട്ടാണ്. 1993 ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ (01.01.1977 ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ) ചട്ടം (3) പ്രകാരം കൃഷിക്കും, വാസഗൃഹങ്ങൾക്കും, കടമുറികൾ വയ്ക്കുന്നതിനുമായി പട്ടയഭൂമിയുടെ വിനിയോഗം നിജപ്പെടുത്തിയിരിക്കുന്നു. വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ പട്ടയ വസ്തുക്കളിൽ നിർമിക്കുന്നത് നിലവിലുള്ള ഭൂമിപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകളുടെയും കോടതി വിധികളുടെയും ലംഘനമാണ്. ആയതിനാൽ അത്തരം നിർമാണ പ്രവർത്തനങ്ങൾ അനുവദിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ